(ബി) സംഘാംഗങ്ങളിൽനിന്ന് ആകെ സംഭരിച്ചിട്ടുള്ള ഷെയർ കാപ്പിറ്റൽ സംഖ്യ എത്ര;

(സി) കമ്പൽസറി ഡെപ്പോസിറ്റ് ഇനത്തിലും താരിഫ് ഡെപ്പോസിറ്റ് ഇനത്തിലും ശേഖരിച്ചിട്ടുള്ള മൊത്തം സംഖ്യ എത്ര;

(ഡി) ഷെയർ സംഖ്യയ്ക്കും, കമ്പൽസറി ഡെപ്പോസിറ്റ് താരിഫ് ഡിപ്പോസിറ്റ് ഇനത്തിലും സംഭരിക്കുന്ന സംഖ്യകയ്ക്കും പലിശകൊടുക്കാറുണ്ടോ;

(ഇ) മെമ്പർമാരിൽനിന്നും ഈടാക്കിവരുന്ന വായ്പയ്ക്ക് പലിശ ഈടാക്കുന്ന റേറ്റിൽ തന്നെ മേൽപ്പറഞ്ഞ ഷെയറുകയ്ക്കും പലിശ കൊടുക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ആയിരത്തിഅറുനൂറ്റി മുപ്പത്തി എട്ട് (1638).

(ബി) സംഘാംഗങ്ങളിൽ നിന്നും മൊത്തം 1484.79 ലക്ഷം രൂപ ഓഹരി ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

(സി) പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങൾ ഈ ഇനങ്ങളിൽ ഉള്ള ഡെപ്പോസിറ്റുകയ് സ്വീകരിക്കാറില്ല.

(ഡി) ഷെയർ സംഖ്യയ്ക്ക് പലിശ നൽകാറില്ല. പ്രാഥവീതം നൽകാറുണ്ട്. മറ്റിനങ്ങളിൽ ഡെപ്പോസിറ്റുകയ് സ്വീകരിക്കാത്തതു കൊണ്ട് പലിശ കൊടുക്കുന്ന പ്രശ്നമില്ല.

(ഇ) ഇപ്രകാരം പലിശ കൊടുക്കുന്നതിന് വ്യവസ്ഥയില്ല.

എറണാകുളം സിവിൽ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കാൻ ഉത്തരവ് നൽകിയ ഗവൺമെന്റ് ആഫീസുകയ്

1044 [1662] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങയ്ക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സിവിൽ സ്റ്റേഷനിലേക്ക് ഏതൊക്കെ ആഫീസുകയ് മാറ്റിസ്ഥാപിക്കാനാണ് ഗവൺമെന്റ് ഉത്തരവ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) ഏതേത് ആഫീസുകയ് ഏതേത് തീയതിക്ക് ഇവിടെ മാറ്റി സ്ഥാപിച്ചുവെന്ന് പറയുമോ;

(ഡി) ഉത്തരവുണ്ടായിട്ടും നാളിതുവരെ മാറ്റിയിട്ടില്ലാത്ത ആഫീസുകയ് ഏതൊക്കെ;

(ഇ) മാറ്റിയിട്ടില്ലാത്ത ആഫീസുകയ് ഇപ്പോയ് എവിടെയാണ് പ്രവർത്തിക്കുന്നത്; ഇവ പ്രവർത്തിക്കുന്ന കെട്ടിടങ്ങയ് സർക്കാർ വകയാണോ; അതോ സ്വകാര്യ കെട്ടിടങ്ങളാണോ;

(എഫ്) സ്വകാര്യ കെട്ടിടങ്ങളാണെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഈ ആഫീസുകയ്ക്ക് വേണ്ടി നാളിതുവരെ കൊടുത്ത വാടക സംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) എറണാകുളത്തുള്ള വ്യവസായ റീജനൽ ഡപ്യൂട്ടി ഡയറക്ടർ ആഫീസ്, ജില്ലാ വ്യവസായ ആഫീസ്, ഡപ്യൂട്ടി ലേബർ കമ്മീഷണർ ആഫീസ് എന്നീ മൂന്ന് ആഫീസുകളാണ് ഗവൺമെൻറ് ഉത്തരവായിട്ടും മാറ്റാതിരുന്നത്.

(ഇ) എറണാകുളത്ത് സ്വകാര്യ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(എഫ്) 27-1-75-ൽ സിവിൽ സ്റ്റേഷൻ ഉൽഘാടനംചെയ്ത സമയം മുതൽ ഇവ അവിടേക്ക് മാറ്റേണ്ടതായിരുന്നു. വ്യവസായ വകുപ്പിലെ രണ്ട് ആഫീസുകൾക്ക് ജൂലൈ 76 വരെ പ്രതിമാസം 750 രൂപാ വാടക കൊടുത്തിരുന്നു. അതിനുശേഷം 4680.50 രൂപാ വാടകയുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്; ഡപ്യൂട്ടി ലേബർ കമ്മീഷണറുടെ ആഫീസിന്റെ പ്രതിമാസ വാടക 800 രൂപയാണ്.

കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ സംഘത്തിലെ പണാപഹരണം

1045 [1663] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണസംഘത്തിലെ പണാപഹരണത്തെത്തുടർന്നുള്ള പ്രോസിക്യൂഷൻ നടപടി എന്തായിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സംഖ്യയാണ് അപഹരിക്കപ്പെട്ടതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സംഖ്യ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) ആരൊക്കെയാണ് ഇതിനുത്തരവാദികൾ; ഇവരുടെ പേരിൽ എടുത്ത നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്ത് അന്വേഷണം തുടർന്നു വരികയാണ്.

(ബി) ഉണ്ട്.

(സി) വിവിധ ഇനങ്ങളിലായി 5,20,293 രൂപ 94 പൈസയുടെ പണാപഹരണം നടന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി) സംഘം സെക്രട്ടറി ആയിരുന്ന ശ്രീ. എസ്. ബാലകൃഷ്ണനും മറ്റുജീവനക്കാരും പ്രസിഡൻറായിരുന്ന ശ്രീ. എസ്. ആറുമുഖൻ ഉൾപ്പെടെയുള്ള മുൻ ഭരണസമിതി അംഗങ്ങളുമാണ് ഉത്തരവാദികൾ. മുൻ സെക്രട്ടറി ശ്രീ. ബാലകൃഷ്ണന്റെയും മുൻ പ്രസിഡൻറ് ശ്രീ. ആറുമുഖൻ ഉൾപ്പെടെ മുൻ ഭരണസമിതി അംഗങ്ങളുടെയും വസ്തുക്കൾ ഉടൻ ജപ്തി ചെയ്തു മേൽനടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly